# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1421 07.06.2018 -ലെ മറുപടിയ്ക്ക്

**പരീക്ഷാ ഫീസിന് കേരളാ സർവ്വകലാശാലയിൽ ഓൺലൈൻ സംവിധാനം**

*ചോദ്യം*
ശ്രീ.ബി.എസ്.ജയലാൽ

*ഉത്തരം*
പ്രൊഫ. സി രവീന്ദ്രനാഥ്
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | കേരളാ സർവ്വകലാശാലക്ക് കീഴിലുള്ള കോളേജുകളിലെയും പ്രൈവറ്റ് വിദ്യാർത്ഥികളുടെയും ബിരുദ എഞ്ചിനീയറിംഗ് പരീക്ഷകളുടെ ഫീസ് അടയ്ക്കുന്നതിനുള്ള സംവിധാനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | (എ) | നിലവിൽ കേരള സർവ്വകലാശാലയ്ക്ക് കീഴിലുള്ള പരീക്ഷകളുടെ ഫീസ് സർവ്വകലാശാലയുടെ പാളയം, കാര്യവട്ടം ക്യമ്പസുകളിലുള്ള ക്യാഷ് കൗണ്ടർ മുഖേനയും ജില്ലാതല ജനസേവനകേന്ദ്രങ്ങൾ വഴിയും എസ്.ബി.ഐ., ജില്ലാ സഹകരണ ബാങ്ക് മുതലായ ബാങ്കുകളിൽ നിന്നുള്ള ഡിമാന്റ് ഡ്രാഫ്റ്റ് വഴിയും അടയ്ക്കാവുന്നതാണ്. |
| ബി) | സംവിധാനങ്ങളുടെ അപര്യാപ്തതമൂലം വിദ്യാർത്ഥികൾക്ക് ഫീസ് അടക്കുന്നതിന് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) & (സി) | പരീക്ഷാ ഫീസ് അടയ്ക്കുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്ന വിഷയം സർവകലാശാല പരിശോധിച്ചു വരുന്നു. |
| സി) | മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നടപ്പാക്കിയത് പോലെ ഓൺലൈനായി പരിക്ഷാഫീസ് അടക്കുന്നതിനുള്ള സംവിധാനം കേരളാ സർവ്വകലാശാലയിലും ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ